**No. CEE/4383/2014/KEAM-2015/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**വിജ്ഞാപനം**

# 2015 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ്

2015-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **04.07.2015** ന് ആരംഭിക്കുന്നതാണ്. **രണ്ടാം ഘട്ടത്തിൽ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്ക് മാത്രമാണ് അലോട്ട്മെന്റ് നടത്തുന്നത്.** നിലവിലെ ഹയർ ഓപ്ഷനുകൾ രണ്ടാം ഘട്ട അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള '**Confirm**' ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഓപ്ഷൻ പുന:ക്രമീകരണം/റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/കോഴ്സ് എന്നിവയിലേയ്ക്ക് ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ **04.07.2015** മുതൽ **07.07.2015, 10 pm** വരെ ലഭ്യമാകുന്നതാണ്. **07.07.2015, 10 pm** വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **09.07.2015** ന് **രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.** രണ്ടാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക **10.07.2015** മുതൽ **15.07.2015** വരെയുള്ള തീയതികളിലൊന്നിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്. ഫീസ്/ബാക്കി തുക അടച്ചതിനു ശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ **15.07.2015 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശനം നേടേണ്ടതാണ്.

**രണ്ടാം ഘട്ട അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 04.07.2015 | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 07.07.2015 (10 pm) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **09.07.2015** | **രണ്ടാം ഘട്ട അലോട്ടുമെന്റ് പ്രസിദ്ധീകരണം** |
| 10.07.2015 to 15.07.2015 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/ ബാക്കി തുക ഒടുക്കണം. കൂടാതെ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |

**മേൽപറഞ്ഞ വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.** ഇവരുടെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ വിഭാഗത്തിലുള്ള ഹയർ ഓപ്ഷനുകൾ ഭാവിയിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിലും പരിഗണിക്കുന്നതല്ല. എന്നാൽ നിശ്ചിത തീയതിയ്ക്കകം ഫീസ് അടച്ചിട്ടുള്ള പക്ഷം ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ ഒന്നാം ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റ് നിലനിൽക്കുന്നതായിരിക്കും.

രണ്ടാം ഘട്ട അലോട്ടുമെന്റിൽ താഴെപറയുന്ന കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്.

| Sl. No | College Code | Name of College | Course Code and seats |
|---|---|---|---|
| **Government Controlled Self Financing Engineering Colleges:** | | | |
| 1 | TKR | College of Engineering, Trikaripur, Kasaragod. | IT-30 |
| **Private Self Financing Engineering Colleges:** | | | |
| 1 | PNC | Pinnacle School of Engineering & Technology, Areeplachy P.O, Anchal | AO-60, AU-60 |
| 2 | CCV | Cochin College of Engineering & Technology, Valiyaparambu, Edayur, Malappuram | MR-60, CH-60 |
| 3 | CIM | Cochin Institute of Science & Technology, Ettappilly, Mannathur PO, Ernakulam | AU-60 |
| **Private Self Financing Architecture Colleges:** | | | |
| 1 | TJR | Thejus College of Architecture, Vellarakkad, Thrissur | AR-40 |
| 2 | ASR | Asian School of Architecture and Design Innovations, Silver Sand Island, Vyttila, Kochi | AR-40 |
| 3 | DCR | DC School of Architecture and Design, Pullikkanam, Vagamon, Idukki | AR-40 |

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
02.07.2015